നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2017 ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാ പരീക്ഷയുടെ മാർക്കും NATA സ്കോറും പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി

2017-ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് വിദ്യാർത്ഥികൾ ഓൺലൈനായി www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **15.06.2017** മുതൽ **19.06.2017** വരെ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്കും **NATA** സ്കോറും സമർപ്പിക്കുവാനും, പ്ലസ് ടു/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെയും, നാറ്റാ സ്കോർ കാർഡിന്റെയും PDF ഫോർമാറ്റുകൾ അപ്‌ലോഡ് ചെയ്യുവാനും നിർദ്ദേശിച്ചിരുന്നു.

അപ്രകാരം മാർക്കു വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ചവരുടെ മാർക്ക് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്കായി www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **2017 ജൂൺ 20, 21 എന്നീ തീയതികളിൽ** ലഭ്യമാകും. അപേക്ഷാർത്ഥികൾ മേൽ വെബ്സൈറ്റിലെ **KEAM 2017 Candidate Portal** എന്ന ലിങ്ക് വഴി **ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി** അവരുടെ ഹോം പേജിൽ പ്രവേശിച്ച് '**B.Arch Mark Verification**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് മാർക്ക് വിവരങ്ങൾ, പരിശോധിക്കേണ്ടതാണ്.

വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ളവരും, മാർക്ക് വിവരങ്ങൾ സമർപ്പിച്ചതിൽ അപാകതകൾ ഉള്ളവരും വെബ്സൈറ്റിൽ ലഭ്യമായ നിർദ്ദേശങ്ങൾ പാലിച്ച് തിരുത്തലുകൾ വരുത്തുന്നതിന്/അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകളുടെ PDF ഫോർമാറ്റുകൾ അതത് ലിങ്ക് വഴി **21.06.2017 വൈകുന്നേരം 4 മണിയ്ക്ക്** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

മാർക്ക് സമർപ്പണത്തിലെ അപാകതകൾ പരിഹരിക്കാൻ ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവയ്ക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
19.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**